# Mathrubhumi

## 22 August 2018

## Varapuzha, Cheriya Kadamakudi  Island, Footbridge Destroyed, After Flood

യാത്ര അപകടകരം

# ചെറിയ കടമക്കുടി നടപ്പാലത്തിൽ തുള വീണു



ചെറിയ കടമക്കുടിയിൽ നിന്ന് പിഴലയിലേക്കുള്ള നടപ്പാലം

**വരാപ്പുഴ** ▸ ചെറിയ കടമക്കുടി ദ്വീപിനെ പിഴലയുമായി ബന്ധിപ്പിക്കുന്ന നടപ്പാലം പ്രളയക്കെടുതിയിൽ തകർന്നു. പാലത്തിന്റെ പലഭാഗങ്ങളിൽ ദ്വാരങ്ങൾ രൂപപ്പെട്ടതോടെ ഇതിലൂടെയുള്ള യാത്ര അപകടകരമായി. ചെറിയ കടമക്കുടിയെ മറ്റ് ദ്വീപുകളുമായി ബന്ധിപ്പിക്കുന്ന കരമാർഗമുള്ള ഏക ആശ്രയമാണ് ഇതോടെ ഇല്ലാതായത്. ഇതോടെ ചെറിയ കടമക്കുടി ദ്വീപ് പൂർണമായും ഒറ്റപ്പെട്ടു.

വൈദ്യസഹായത്തിനുൾപ്പെടെ പിഴലയിലേക്ക് കടക്കണമെങ്കിൽ ചെറുവഞ്ചികളെ ആശ്രയിക്കണമെന്ന അവസ്ഥയിലാണ്. ഓട്ടോറിക്ഷ ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് കടന്നുപോകാൻ കഴിയുന്ന തരത്തിലുള്ളതാണ് ചെറിയ കടമക്കുടിയിലുള്ള നടപ്പാലം.

എന്നാൽ, കാലപ്പഴക്കം മൂലം ഏറെ ശോച്യാവസ്ഥയിലായ പാലം പുതുക്കി നിർമിക്കണമെന്നത് ദ്വീപുനിവാസികളുടെ കാലങ്ങളായുള്ള ആവശ്യമാണ്.

ശക്തമായ ഒഴുക്കിനെ തുടർന്ന് പാലത്തിന്റെ അടിഭാഗത്തുള്ള തൂണുകൾക്കും ബലക്ഷയം സംഭവിച്ചിട്ടുള്ളതായി പ്രദേശത്തുള്ളവർ പറഞ്ഞു.